'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26- സംരക്ഷണ ഫണ്ട് (റോഡ്)- മൈലം ഗ്രാമപഞ്ചായത്ത് - 2022-23 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം. 5450/2025/FIN തീയതി,തിരുവനന്തപുരം,27-06-2025

---

പരാമർശം : 1. 02/08/2024 തീയതിയിലെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/27539/2024-DPLA1 നം. കത്ത്.

2. 23/02/2024 തീയതിയിലെ കൊട്ടാരക്കര സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ. (പി) നം. 86/2016/ധന തീയതി: 17.06.2016.

**ഉത്തരവ്**

2022-2023-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മൈലം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ പള്ളിക്കൽ ഏലാപ്പുറം തോടിന് കലുങ്ക് നിർമാണം എന്ന പദ്ധതിയ്ക്കായി സംരക്ഷണ ഫണ്ട് (റോഡ്) വിഭാഗത്തിൽ നിന്നും കരാറുകാരന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹1,34,158/- പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ കൊട്ടാരക്കര സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ - 2022-23 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മൈലം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ പള്ളിക്കൽ ഏലാപ്പുറം തോടിന് കലുങ്ക് നിർമാണം

എന്ന പദ്ധതിയുടെ കരാറുകാരനായ ശ്രീ.മാത്യു ജോൺ എന്നയാൾക്ക് നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിലെ സംരക്ഷണ ഫണ്ടിന്റെ 3604-00-200-79-04 -00-00-NV (റോഡ്) ശീർഷകത്തിൽ നിന്നും മൈലം ഗ്രാമപഞ്ചായത്തിന് (G020304) ₹1,34,158/- (ഒരു ലക്ഷത്തി മുപ്പത്തി നാലായിരത്തി ഒരുന്നൂറ്റി അൻപത്തിയെട്ട് രൂപ മാത്രം) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്, കൊല്ലം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 2890405)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ